# സഭയും വിശുദ്ധരും

റവ. ഡോ. ബർക്കുമാൻസ് കൊടയ്ക്കൽ

**ആമുഖം**

കോന്തുരുത്തി ഇടവകാംഗം ബഹു. വർഗ്ഗീസ് പയ്യപ്പിള്ളി അച്ചൻ മരിച്ചിട്ട് 81 വർഷങ്ങളായി. അദ്ദേഹത്തെ ഒരു വിശുദ്ധനായി പ്രഖ്യാപിക്കാനുള്ള സഭാനടപടികൾ ആരംഭിച്ചിരിക്കുകയാണ്. ഇടവകയ്ക്ക് എത്രയോ അഭിമാനകരമായ കാര്യം! ഒരാളെ വിശുദ്ധനായി സഭ പ്രഖ്യാപിക്കുന്നതെന്തിനാണെന്നും എങ്ങിനെയാണ് അത് ചെയ്യുന്നതെന്നും ഈ അവസരത്തിൽ മനസ്സിലാക്കുന്നത് അവസരോചിതമാണ്.

**1. ആരാണ് വിശുദ്ധർ?**

പുരാതന ഗ്രീക്ക്, റോമൻ സംസ്ക്കാരങ്ങളിൽ അതിസാഹസികമായി രാജ്യത്തെ രക്ഷിച്ച യോദ്ധാക്കളുടെ പ്രതിമകൾ പ്രധാന തെരുവുകളിൽ പ്രതിഷ്ഠിക്കുന്ന പതിവുായിരുന്നു. മാതാപിതാക്കൾ കുട്ടികളെ ആ പ്രതിമകളുടെ അടുത്തേക്ക് കൊുപോവുകയും ആ യോദ്ധാക്കളുടെ വീരകഥകൾ കുട്ടികളെ പറഞ്ഞുകേൾപ്പിക്കുകയും ചെയ്യുമായിരുന്നു. കുട്ടികൾ വളർന്നുവരുമ്പോൾ രാജ്യത്തോട് സ്നേഹമുാകണമെന്നും ഈ യോദ്ധാക്കളെപ്പോലെ രാജ്യത്തെയും ജനങ്ങളെയും രക്ഷിക്കാൻ ജീവൻ ത്യജിക്കാൻപോലും സന്നദ്ധരാകണമെന്നും അവരെ പ്രബോധിപ്പിക്കാനും അത്തരം ഒരാഗ്രഹം അവരുടെ മനസ്സുകളിൽ അങ്കുരിപ്പിക്കാനുമാണ് ഇങ്ങനെ ചെയ്തിരുന്നുത്. നാടിനെ രക്ഷിക്കാൻ യുവാക്കളെ ആഹ്വാനം ചെയ്യുന്ന കൈചൂികളായിരുന്നു ആ പ്രതിമകൾ.

ആദിമസഭയിലെ അംഗങ്ങളെ പൊതുവിൽ ''വിശുദ്ധർ''എന്ന് സംബോധനചെയ്തിരുന്നതായി. വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽനിന്ന് വ്യക്തമാണ്. അവരുടെ കൂട്ടായ്മ ജീവിതം വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയുമായിരുന്നു എന്ന് *അപ്പസ്തോലപ്രവർത്തനങ്ങൾ* വായിക്കുമ്പോൾ ബോദ്ധ്യമാകും (അപ്പ. 2: 46-47; 4: 32). എന്നാൽ പില്ക്കാലത്ത് വിശുദ്ധരായി അറിയപ്പെട്ടത് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും അസാധാരണ ജീവിതം നയിച്ചവരാണ്. ദൈവസ്നേഹത്തിലാകൃഷ്ടരായി സഭയിൽ വീരകൃത്യങ്ങൾ ചെയ്ത മഹാത്മാക്കളും സഭയോടുള്ള സ്നേഹത്തെപ്രതി വീരമൃത്യുവരിച്ച രക്തസാക്ഷികളും സഭാംഗങ്ങൾക്ക് ഉത്തമ മാതൃകകളായി. ദൈവത്തിൽ വിശ്വസിച്ച് നിരന്തരം അവിടുത്തെ സ്നേഹവും പരിപാലനയും അനുഭവിച്ച്, അനേകർക്ക് പരിചരണവും ആശ്വാസവും നൽകി ദൈവമക്കളുടെ സന്തോഷം നുകർന്ന് ജീവിതത്തെ കൂട്ടായ്മയുടെ വിജയമാക്കിത്തീർത്തവരാണ് സഭയിലെ വിശുദ്ധർ. സഭാമൂല്യങ്ങളിൽ അടിയുറച്ച് വിശ്വസിച്ച് അവയ്ക്കുവേി നിലകൊള്ളേിവന്നപ്പോൾ വീരമൃത്യുവരിച്ചവരാണ് രക്തസാക്ഷികളായ വിശുദ്ധർ. ജീവിതത്തിന്റെ വിവിധതലങ്ങളിലും മേഖലകളിലും പുണ്യജീവിതം നയിച്ച ആയിരക്കണക്കിന് വിശുദ്ധരു്. രാജാക്കൻമാരും രാജ്ഞിമാരും തുടങ്ങി, മാർപ്പാപ്പമാർ, മെത്രാന്മാർ, പുരോഹിതർ, സന്ന്യാസികൾ, ജഡ്ജിമാർ, വക്കീലന്മാർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, കുടുംബനാഥന്മാർ, കുടുംബിനികൾ, ധനവാന്മാർ, പാവപ്പെട്ടവർ, വെളുത്തവർഗ്ഗക്കാർ, കറുത്തവർഗ്ഗക്കാർ, കൃഷിക്കാർ, തൊഴിലാളികൾ, അടുക്കളജോലിക്കാർവരെയു് വിശുദ്ധരുടെ നിരയിൽ. ഏതവസ്ഥയിലും ദൈവസ്നേഹം അനുഭവിക്കാൻ കഴിയുമെന്നും, അതിലൂടെ സമൂഹത്തിന് മഹത്കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നും വിശുദ്ധർ നമ്മെ ഓർമ്മപ്പെടുത്തുകയാണ്.

കൊടുംപാപികളായിരുന്നവരും വിശുദ്ധരായിത്തീർന്നിട്ടുന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. വിവിധവികാരങ്ങൾക്കും ദുശ്ശീലങ്ങൾക്കും അടിമകളായിരുന്നിട്ടും ഒരു തിരിച്ചറിവിലൂടെ മാനസാന്തരപ്പെട്ട് ദൈവാനുഭവത്തിൽ ആമഗ്നരായിതീർന്ന വിശുദ്ധരു്. മുൻകോപത്തെ ജയിച്ചടക്കാൻ ജീവിതത്തിന്റെ ഭൂരിഭാഗവും ചെലവഴിച്ച് ഒടുവിൽ ആ വികാരത്തെ ജയിച്ചടക്കിയ വിശുദ്ധരെ ചരിത്രത്തിൽ കുമുട്ടാൻ കഴിയും. ആഡംബരവും പ്രൗഢിയും സ്ഥാനമാനങ്ങളുമാണ് ജീവിതസന്തോഷത്തിനാധാരം എന്ന് ധരിച്ചുവശായവർ, പിന്നീട് അതെല്ലാം നിരർത്ഥകങ്ങളാണെന്ന് ഗ്രഹിച്ച്, പാവപ്പെട്ടവരോടും അഗതികളോടുമൊപ്പം ജീവിച്ച് അവർക്കുവേി ജീവിതം സമർപ്പിച്ച് ജീവിതസന്തോഷം ആസ്വദിച്ച മഹാത്മാക്കളും വിശുദ്ധരുടെ പട്ടികയിലു്. സമ്പത്തും സുഖഭോഗങ്ങളും വിട്ടൊഴിഞ്ഞ് ദാരിദ്ര്യത്തെ സഹോദരിയായും വേദനയെ പ്രാണപ്രേയസിയായും സ്നേഹിച്ച, കുഷ്ഠരോഗിയെ ചുംബിക്കാൻ ധൈര്യം കാണിച്ച വിശുദ്ധനുമു് അക്കൂട്ടത്തിൽ. മഠത്തിന്റെ ചുവരുകൾക്കുള്ളിൽ രോഗംമൂലം തളച്ചിടപ്പെട്ടെങ്കിലും ഈ ലോകം മുഴുവനെയും സ്നേഹത്താൽ ആവാഹിച്ചെടുക്കുകയും പ്രേഷിതപ്രവർത്തനത്തിന്റെ മദ്ധ്യസ്ഥയായിപ്പോലും അംഗീകരിക്കപ്പെടുകയും ചെയ്ത വിശുദ്ധയെ ആദരിക്കാതിരിക്കാൻ എങ്ങനെ കഴിയും! കുഷ്ഠരോഗികളെ മുഴുവൻ മൊളോക്കോ ദ്വീപിലേക്ക് നാടുകടത്തിയപ്പോൾ അവിടെച്ചെന്ന് അവരെ ശുശ്രൂഷിക്കാനും സ്നേഹിക്കാനും ഇറങ്ങിപ്പുറപ്പെടുകയും, അവസാനം അവരെപ്പോലെ കുഷ്ഠരോഗിയായിത്തീർന്ന് മരിക്കുകയും ചെയ്ത ഫാ. ഡാമിയനെ ഓർക്കുന്നത്

നമ്മുടെ മനസ്സിൽ ആവേശത്തിന്റെ തീപ്പൊരി പാറിക്കുന്നുങ്കെിൽ, അദ്ദേഹത്തെ വിശുദ്ധനായി സഭ പ്രഖ്യാപിച്ചത് എത്രയോ ഉദാത്തമായിക്കരുതണം! ഈ വിശുദ്ധരെയൊക്കെ അനുസ്മരിക്കുമ്പോൾ ആരുടെ ഹൃദയമാണ് ത്രസിക്കാത്തത്! ആരുടെ മനസ്സാണ് അഭിമാനം കൊ് വിജ്രുംഭിതമാകാത്തത്! ആരുടെ ശിരസ്സാണ് ആദരംകൊ് കുനിഞ്ഞുപോകാത്തത്! ആരുടെ ആത്മാവാണ് ഭക്തിപാരവശ്യത്താൽ ജ്വലിക്കാത്തത്!

**2. വിശുദ്ധരോടുള്ള ഭക്തി**

വിവിധ ജീവിതമണ്ഡലങ്ങളിൽ നമുക്ക് മാതൃകകളായ ഈ മഹാത്മാക്കളിൽനിന്ന് ആവേശം കൊ് അവ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാനാണ് സഭ അവരെ വിശുദ്ധരായി പ്രഖ്യപിക്കുന്നതും അവരുടെ രൂപങ്ങൾ വണക്കത്തിനായി വയ്ക്കാൻ അനുവദിക്കുന്നതും. ദൈവസ്നേഹത്തെ അനുഭവിക്കാൻ പ്രേരണചെലുത്തുന്ന അവരെ ഓർക്കുമ്പോൾ എല്ലാം മറന്ന് നിന്നുപോയിട്ടുള്ള അനുഭവമുായിട്ടുാേ? അവരെ അനുകരിച്ച് ദൈവാനുഭവത്തിലേക്ക് പ്രവേശിക്കാൻ ഒരു തരിപ്പ് അനുഭവപ്പെട്ടിട്ടുാേ? ഉങ്കെിൽ അതാണ് ഭക്തി. അത് നമ്മിൽ ഉളവാക്കുന്നതിനുവേിയാണ് സഭ അവരെ വിശുദ്ധരായി പ്രഖാപിച്ചത് എന്നോർക്കുക. നമ്മൾ വിശ്വാസത്തിലും സ്നേഹത്തിലും വളരാനും തിന്മയെ ജയിക്കാനും അവരോട് നമുക്ക് മാദ്ധ്യസ്ഥ്യം യാചിക്കാവുന്നതാണ്. അതിനുപകരം, ആ വിശുദ്ധരുടെ രൂപങ്ങളിൽ പുഷ്പമാലചാർത്തുകയോ, സ്വർണ്ണമോതിരം അണിയിക്കുകയോ ചെയ്തിട്ട് തനിക്ക് ഒരു ജോലി സമ്പാദിച്ചു തരണേ, പരീക്ഷയിൽ ജയിപ്പിക്കണേ, വീടുവയ്ക്കാൻ പണം തരണേ എന്നൊക്കെ അപേക്ഷിക്കുന്നത് ഭക്തിയുടെ ആഭാസമാണ്. സഹനത്തിന്റെ പര്യായമായിതീർന്ന വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിൽ കേണുവീണ് തനിക്ക് വേദനയൊന്നും തന്നേക്കല്ലേ, തന്റെ കഷ്ടപ്പാടുകളൊക്കെ എടുത്തുമാറ്റണേ എന്ന് പ്രാർത്ഥിക്കുന്നവർ ആ വിശുദ്ധയുടെ സഹനത്തെ വിഡ്ഢിത്തമായിക്കാണുന്നവരല്ലേ? ശരീരം മുഴുവനും അമ്പുകളേറ്റപ്പോഴും വിശ്വാസം ത്യജിക്കാതെ ദൈവസ്നേഹപ്രകരണങ്ങളിൽ മുഴുകിയ വിശുദ്ധ സെബസ്ത്യാനോസിനെ സ്മരിച്ച് അമ്പെഴുന്നള്ളിക്കുമ്പോൾ "എനിക്ക് രോഗവും വേദനയും തരരുതേ" എന്ന് ആരെങ്കിലും പ്രാർത്ഥിക്കുന്നുങ്കെിൽ ആ വിശുദ്ധന്റെ രക്തസാക്ഷിത്വത്തെ അവഹേളിക്കുന്നു എന്നാണ് മനസ്സിലാക്കേത്. നേരെമറിച്ച്, "പുണ്യവാനേ, നീ എത്രയോ അമ്പുകളേറ്റു; എന്നിട്ടും വിശ്വാസത്തിൽ ചാഞ്ചല്യമുായില്ല; ജീവിതത്തിലുാകുന്ന വേദനകളിൽ പതറിപ്പോകാതിരിക്കാനും കൂടുതൽ ഊർജ്ജത്തോടെ ദൈവസ്നേഹപ്രകരണങ്ങളിൽ മുഴുകാനും നിന്റെ മാതൃക എനിക്കുത്തേജനം നല്കട്ടെ; ഒരമ്പിന്റെയെങ്കിലും വേദന ഏൽക്കാൻ എനിക്കും കഴിയട്ടെ" എന്ന് അമ്പെടുത്ത് പ്രാർത്ഥിക്കുമ്പോൾ അമ്പെഴുന്നള്ളിക്കലിന് അർത്ഥവ്യാപ്തിയുാവുകയാണ് ചെയ്യുന്നത്. ഇത്തരം ഭക്തി വളർത്താനാണ് സഭ വിശുദ്ധരുടെ പേരിൽ ചില അനുഷ്ഠാനങ്ങൾ അനുവദിക്കുന്നത്. വെറും ഭൗതികനേട്ടങ്ങൾ കൈവരിക്കാനാണ് വിശുദ്ധരോട് പ്രാർത്ഥിക്കുന്നതെങ്കിൽ വിശുദ്ധർ ആരാണെന്ന് ശരിക്കും മനസ്സിലാക്കിയിട്ടില്ലായെന്നും ഭക്തിയെന്നാലെന്താണെന്നറിയില്ലായെന്നും ചുരുക്കം. ഭക്തി എന്നത് സ്വന്തം കാര്യങ്ങൾ നേടിയെടുക്കാനുള്ള തന്ത്രമല്ല; ദൈവത്തോടും വിശുദ്ധരോടും ഉാകുന്ന സ്നേഹത്തിന്റെ ശക്തമായ വികാരമാണത്. അതിലൂടെ നേടുന്നത് വിശ്വാസതീക്ഷ്ണതയും ജീവിതവിശുദ്ധിയുമാണ്. ഓരോ വിശുദ്ധന്റെയും ജീവിതത്തിലെ പ്രത്യേകമായ അനുകരണാർഹമായ കാര്യം എന്താണെന്ന് മനസ്സിലാക്കി അത് തങ്ങളുടെ വിശ്വാസ ജീവിതത്തിന് പ്രേരണയാക്കുന്നതാണ് മാദ്ധ്യസ്ഥ്യംതേടൽ കൊുദ്ദേശിക്കുന്നത്.

ഭൗതിക നേട്ടങ്ങൾക്കുവേി ദൈവത്തെ നേരിട്ട് സമീപിക്കാൻ കഴിയില്ലെന്നും ഇടനിലക്കാർ വേണമെന്നും ആ ഇടനിലക്കാരാണ് വിശുദ്ധർ എന്നും ധരിച്ചുവശായിട്ടുള്ള ധാരാളമാളുകള്ു്. വിശുദ്ധരോട് മാദ്ധ്യസ്ഥ്യം യാചിക്കുന്നത് ഇടനിലക്കാരുടെ ജോലിയേറ്റെടുക്കാൻ അവരോടപേക്ഷിപ്പിക്കാനാണെന്നും അവർ തെറ്റിദ്ധരിച്ചിരിക്കുന്നു. ചിലർ പരിധിവിട്ട് വിശുദ്ധരെ ആദരിക്കുകയും അവരെ ആരാധിക്കുകപോലും ചെയ്യുന്നുന്നെ് തോന്നിപ്പോയിട്ടു്. ചില വിശുദ്ധരെ ഇടനിലക്കാരായി കാണാൻ അവർക്ക് ബുദ്ധിമുട്ടാണ്. ആ വിശുദ്ധരെ ദൈവതുല്യരായി കാണാനാണ് അവർക്കിഷ്ടം. വിശുദ്ധരോട് "അനുഗ്രഹം" ചോദിക്കുന്ന തലത്തിലേക്ക് എത്തിനിൽക്കുന്നു കാര്യങ്ങൾ. പല ഇടവകകളിലെയും തിരുനാൾ നോട്ടീസുകളിലൂടെ വികാരിയച്ചന്മാർ വിശ്വാസികളെ തിരുന്നാളിന് ക്ഷണിക്കുന്നത് വിശുദ്ധന്റെ "അനുഗ്രഹം" പ്രാപിക്കാനാണ്. വിശുദ്ധൻ "വെറും മദ്ധ്യസ്ഥ"നല്ല, അനുഗ്രഹം ചൊരിയുന്ന ദൈവംതന്നെയാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നതുപോലെ തോന്നും നോട്ടീസുകൾ കാൽ. ചില നൊവേന പ്രാർത്ഥനകളിലും ഗാനങ്ങളിലും ഇതേ തെറ്റുകൾ തന്നെയാണുള്ളത്. പ്രാർത്ഥനകളും ഗാനങ്ങളും തയ്യാറാക്കിയവരുടെ അറിവില്ലായ്മയാണിതിന് കാരണം. ഹൈന്ദവ അമ്പലങ്ങളിലെ ദേവന്മാരുടെ പ്രതിമകളിൽ അവരുടെ "ശക്തി" മുഴുവൻ ആവാഹിച്ചിരുത്തി പ്രതിഷ്ഠിക്കുന്നതുപോലെ കത്തോലിക്കാ ദേവാലയങ്ങളിൽ വിശുദ്ധരെ പ്രതിഷ്ഠിക്കുന്നില്ല. വിശുദ്ധന്റെ രൂപത്തിന്

പ്രത്യേക ശക്തിയുന്നെും വിളിച്ചാൽ വിളികേൾക്കുമെന്നുംമറ്റുമുള്ള പ്രചാരണം നടത്തുന്നവർ വിഗ്രഹാരാധനയാണ് പ്രചരിപ്പിക്കുന്നത്. ഏതെങ്കിലും വിശുദ്ധന്റെ ഒരു പ്രതിമയിൽ ആ വിശുദ്ധന്റെ മുഴുവൻ ''ശക്തിയും'' ആവാഹിച്ചിരുത്തിയിട്ടുന്നെ വിശ്വാസം അന്ധവിശ്വാസമാണ്. സഭയുടെ പ്രബോധനത്തിന് വിരുദ്ധമാണിത്.

ചില പള്ളികളിൽ ''പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള'' വിശുദ്ധരെ ''തൊട്ടുകളിച്ചാൽ'', അവഹേളിച്ചാൽ, അവർ ''കളി പഠിപ്പിക്കു''മെന്നും, പാമ്പിനെ അയച്ച് ദ്രോഹിക്കുമെന്നും, വാഹനാപകടമുാക്കുമെന്നും, മാരകരോഗങ്ങളുടെ കെട്ടഴിച്ച് വിടുമെന്നും, ഭ്രാന്ത് വരുത്തുമെന്നും മറ്റുമുള്ള പ്രചാരണങ്ങൾ നടത്തുന്നവരു്. ഭക്തിയുടെ ഭാഗമായി തെറ്റിദ്ധരിപ്പിച്ച് പണമുാക്കാനുള്ള തന്ത്രമാണിത്. ഇത് വിശ്വാസജീവിതത്തിന് ആപൽക്കരമാണ്. ചില പള്ളികളുടെ മദ്ധ്യസ്ഥരുടെ പേരിൽ എഴുത്തുചങ്ങലകളും പ്രചാരത്തിലു്. വിശുദ്ധനെ പ്രീണിപ്പിച്ചാൽ ലോട്ടറിയടിക്കുമെന്നും, ജോലി കിട്ടുമെന്നും, ഭൗതികനേട്ടങ്ങളുാകുമെന്നും മറ്റുമുള്ള വാഗ്ദാനങ്ങളും, വിശുദ്ധനെ അവഹേളിക്കുകയോ ലഭിച്ചിരിക്കുന്ന കത്തിനെ നിരാകരിക്കുകയോ ചെയ്താൽ അപകടമുാകുമെന്നും, മാറാരോഗമുാകുമെന്നും മറ്റുമുള്ള ഭീഷണികളുമാണ് ഇത്തരം കത്തുകളിലൂടെ പ്രചരിപ്പിക്കുന്നത്. നന്മകൾ ചെയ്തുനടന്ന ആ പുണ്യാത്മാക്കളെ അവഹേളിക്കുകയാണ് ഇതുവഴി ചെയ്യുന്നത്. വിശുദ്ധർ പ്രതികാരദാഹികളല്ല. ഭക്തി പ്രചരിപ്പിക്കേത് രാഷ്ട്രീയക്കാർ നടത്തുന്നതുപോലെയുള്ള വാഗ്ദാനങ്ങൾ നൽകിയോ ഭീഷണിപ്പെടുത്തിയോ അല്ല; സ്നേഹത്തിന്റെയും ക്ഷമയുടെയും അനുഭവങ്ങൾ നൽകിയാണ്; വിശുദ്ധർ നൽകിയ സ്നേഹത്തിന്റെ പാഠങ്ങൾ പഠിപ്പിച്ചുകൊാണ്. വിശുദ്ധർ തങ്ങളുടെ ജീവിതത്തിൽ ഏറ്റവും പ്രധാനമായി പരിശീലിച്ച പുണ്യം നമ്മൾ മാതൃകയാക്കി സഭാജീവിത്തിൽ ജ്വലിച്ചു നില്ക്കണം. വിശുദ്ധരെ വണങ്ങുന്നതിന്റെ പ്രധാന ഉദ്ദേശ്യം ഇതാണ്. സഭയിൽ വിശുദ്ധരെ ആരാധിക്കുകയോ, അവരോട് അനുഗ്രഹങ്ങൾ യാചിക്കുകയോ ചെയ്യുന്നില്ല. അവർ നമുക്ക് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും മാതൃക നല്കിയ ജ്യേഷ്ഠസഹോദരങ്ങളായതുകൊ് അവരെ വണങ്ങുകയും അവരോട് മാദ്ധ്യസ്ഥ്യം യാചിക്കുകയും മാത്രമാണ് ചെയ്യുന്നത്. ദൈവമാതാവിന്റെ ലുത്തിനിയായിൽ, ദൈവത്തെ വിളിച്ചപേക്ഷിക്കുമ്പോൾ ''ഞങ്ങളെ അനുഗ്രഹിക്കണമേ'' എന്നും, മാതാവിനെ വിളിച്ചപേക്ഷിക്കുമ്പോൾ ''ഞങ്ങൾക്കുവേി അപേക്ഷിക്കണമേ'' എന്നും ചൊല്ലുന്നത് ശ്രദ്ധിക്കുമല്ലൊ.

വിശുദ്ധരെ ദൈവതുല്യരായി കാണുകയും അവരോട് അനുഗ്രഹങ്ങൾ ചോദിക്കുകയും ചെയ്യുന്ന അജ്ഞരായ ആളുകളും വിശുദ്ധരുടെ ''ശക്തി'' പ്രചരിപ്പിച്ച് ആളുകളെ കൂട്ടുന്ന തീർത്ഥാടനകേന്ദ്രങ്ങളും നൊവേനാകേന്ദ്രങ്ങളും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഒരു വിലയിരുത്തൽ നടത്തുന്നത് ഉചിതമാണ്. ചില പള്ളികളിൽ ''പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള'' വിശുദ്ധർ ''വിളിച്ചാൽ വിളികേൾക്കുന്നവരാ''ണെന്നും തങ്ങളുടെ പാദങ്ങളിൽ അഭയം തേടുന്നവർക്ക് അനുഗ്രഹങ്ങൾ വാരിച്ചൊരിയുന്നവരാണെന്നും മറ്റും ചിലർ പ്രചരിപ്പിച്ച് വിശുദ്ധരെ വിറ്റ് കാശാക്കുന്ന പ്രവണത കില്ലെന്ന് നടിക്കാനാവില്ല. ഇടവകകളിലെ തിരുനാൾ നോട്ടീസുകളിൽ വിശുദ്ധന്റെ പേരിനൊപ്പം ''അത്ഭുതപ്രവർത്തകനായ'' എന്ന് വെക്കാ അക്ഷരത്തിൽ പ്രിന്റു ചെയ്യുന്നതിന് പിന്നിൽ ഈ കച്ചവട മനഃസ്ഥിതിയു്. കത്തോലിക്കാസഭയിൽ വിശുദ്ധരെ ആരാധിക്കുന്നുന്നെും അത് വിഗ്രഹാരാധനയാണെന്നും പ്രൊട്ടസ്റ്റന്റ് സഭാംഗങ്ങൾ കുറ്റപ്പെടുത്തുന്നത് ഇക്കാരണങ്ങൾകൊാണ്.

**ഉപസംഹാരം**

ദൈവവിശ്വാസത്തിലൂന്നി, ദൈവസ്നേഹം അനുഭവിച്ച്, ദൈവഹിതം നിറവേറ്റി, സ്നേഹം പങ്കുവച്ച് ജീവിച്ചവരാണ് സഭയിലെ വിശുദ്ധർ. വിപരീത സാഹചര്യങ്ങളിലും വിവിധ ജീവിത മണ്ഡലങ്ങളിലും അവർ സ്തുതികൾ പാടി സ്വന്തം ജീവിതത്തിൽ ദൈവത്തെ മഹത്ത്വപ്പെടുത്തി. ദൈവസ്നേഹത്തെ അനുഭവിക്കാൻ പ്രേരണ ചെലുത്തുന്നവരാണവർ! ദൈവരാജ്യത്തിലേക്കുള്ള വഴി ചൂികൾ! ക്രിസ്തുവിലേക്ക് വിരൽ ചൂുന്നവർ. ആകാശത്തെ ചന്ദ്രനെ ഒരാൾ ചൂിക്കാണിക്കുമ്പോൾ അയാളുടെ വിരലിലേക്കല്ല നോക്കേത്, ചന്ദ്രനിലേക്കാണ്. ക്രിസ്തുവിനെ ലക്ഷ്യമാക്കി ജീവിച്ച വിശുദ്ധരെ നമ്മൾ മാതൃകകളായി സ്വീകരിക്കാനാണ് സഭ അവരെ വിശുദ്ധരായി പ്രഖ്യാപിച്ചത്. ഒരു വിശുദ്ധൻ തന്റെ ജീവിതത്തിൽ പ്രധാനമായി പരിശീലിച്ച പുണ്യം അഭ്യസിക്കാൻ നാം ശ്രമിക്കുന്നതാണ് ആ വിശുദ്ധനോടുള്ള നമ്മുടെ ഭക്തി. ഈ ഭക്തിയുടെ നിറവിലാണ് നാം വിശുദ്ധനെ വിളിച്ച് ''ഞങ്ങൾക്കുവേി അപേക്ഷിക്കണമേ'' എന്ന് പ്രാർത്ഥിക്കുന്നത്. വിശുദ്ധരോടുള്ള നമ്മുടെ ഭക്തി ക്രിസ്തുവിനെ ലക്ഷ്യമാക്കിയുള്ളതായിരിക്കണം.

### 3. വിശുദ്ധരെ പ്രഖ്യാപിക്കുന്നതിനുള്ള സഭാനടപടികൾ

സഭയുടെ ആരംഭകാലങ്ങളിൽ വിശുദ്ധരെ പ്രഖ്യാപിക്കുന്ന ഔദ്യോഗികമായ നടപടികളൊന്നും ഉായിരുന്നില്ല. തീക്ഷ്ണമായ വിശ്വാസം ഉായിരുന്ന, പുണ്യജീവിതം നയിച്ചിരുന്ന, വിശ്വാസത്തിനുവേി രക്തസാക്ഷിത്വം വരിച്ച മഹാത്മാക്കളുടെ ശവകുടീരങ്ങൾ ജനങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന പതിവുായിരുന്നു. അടിയുറച്ച വിശ്വാസജീവിതം നയിക്കുന്നതിന് അത് ജനങ്ങൾക്ക് ഉത്തേജനമായിത്തീർന്നു. ഈ പുണ്യത്മാക്കൾ പിന്നീട് പ്രാദേശിക തലത്തിൽ വിശുദ്ധരായി അംഗീകരിക്കപ്പെടുകയാണുായത്. നൂറ്റാുകൾക്കുശേഷമാണ് വിശുദ്ധരെ മാർപ്പാപ്പ ഔദ്യോഗികമായി പ്രഖ്യാപിക്കുന്ന നടപടികൾ ഉായത്. ആദിമനൂറ്റാുകളിൽ ജനങ്ങൾ വിശുദ്ധരായി കരുതിയിരുന്നവരെ സഭ ഔദ്യോഗികമായി വിശുദ്ധരായി പ്രഖ്യാപിച്ചിട്ടു്. അവരിൽ ചിലരെപ്പറ്റി വ്യക്തമായ ചരിത്രമില്ലെന്ന കാരണത്താൽ വിശുദ്ധരുടെ ഔദ്യോഗിക ലിസ്റ്റിൽ നിന്ന് അവരെ പിന്നീട് നീക്കുകയുായി.

ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിന് സഭയിലെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം. സാധാരണഗതിയിൽ, ഒരു പുണ്യാത്മാവ് മരിച്ച് അഞ്ചുവർഷങ്ങൾ കഴിഞ്ഞിട്ടേ നാമകരണ നടപടികൾ തുടങ്ങാവൂ. ഒരാൾ വിശുദ്ധജീവിതം നയിച്ചാണ് മരിച്ചതെന്ന് ബോദ്ധ്യമുങ്കെിൽ ഒരു വ്യക്തിക്കോ സമൂഹത്തിനോ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള "നാമകരണനടപടികൾ" ആരംഭിക്കണമെന്ന് അദ്ദേഹത്തിന്റെ രൂപതാമെത്രാനോട് അപേക്ഷിക്കാം. അപേക്ഷകൻ രൂപതാമെത്രാന്റെ അനുവാദത്തോടെ ഒരു പോസ്റ്റുലേറ്ററെ ചുമതലപ്പെടുത്തണം. സഭാപരമായ കാര്യങ്ങളിൽ അറിവുള്ള ആളായിരിക്കണം പോസ്റ്റുലേറ്റർ. അയാൾ പുരോഹിതനോ, സന്ന്യാസിയോ, ആത്മായനോ ആകാം. അപേക്ഷകന്റെ പ്രതിനിധിയാണ് പോസ്റ്റുലേറ്റർ. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ് രൂപതാതലത്തിലുള്ള നടപടികൾ ക്രമീകരിക്കുക. പോസ്റ്റുലേറ്ററെ സഹായിക്കാൻ വൈസ് പോസ്റ്റുലേറ്ററെയും നിയമിക്കാറു്. വാസ്തവത്തിൽ, പോസ്റ്റുലേറ്ററാണ് രൂപതാ മെത്രാന് ഔദ്യോഗികമായ അപേക്ഷ സമർപ്പിക്കുന്നത്. മരിച്ച പുണ്യാത്മാവിന്റെ വിശുദ്ധജീവിതത്തെപ്പറ്റിയുള്ള ഒരു റിപ്പോർട്ടും അപേക്ഷയോടൊപ്പം സമർപ്പിക്കണം. പുണ്യാത്മാവിന്റെ പേരിൽ അത്ഭുതങ്ങൾ നടന്നിട്ടുങ്കെിൽ അതിന്റെ റിപ്പോർട്ടും സമർപ്പിക്കേതാണ്. രൂപതാമെത്രാൻ മറ്റുമെത്രന്മാരുമായി ഇക്കാര്യം ചർച്ച ചെയ്തശേഷം പോസ്റ്റുലേറ്ററുടെ അപേക്ഷ പ്രസിദ്ധീകരിക്കണം.

വിശുദ്ധനായി പ്രഖ്യാപിക്കപ്പെടേയാളിന്റെ പുണ്യജീവിതത്തെ സംബന്ധിച്ച് അന്വേഷിക്കാൻ രൂപതാമെത്രാൻ ഒരു അന്വേഷണസംഘത്തെ നിയമിക്കുന്നതോടുകൂടി ആ വ്യക്തി "ദൈവദാസൻ" അല്ലെങ്കിൽ "ദൈവദാസി" (Servant of God) എന്ന് അറിയപ്പെടും. നാമകരണ നടപടികൾ ആരംഭിച്ച കാര്യവും അതിനുള്ള കാരണങ്ങളും അടങ്ങിയ റിപ്പോർട്ട് വത്തിക്കാനിലെ നാമകരണത്തിനായുള്ള കാര്യാലയത്തിലേക്ക് മെത്രാൻ അയച്ചുകൊടുക്കണം. കാര്യാലയം അത് ചർച്ച ചെയ്ത ശേഷം, നാമകരണനടപടികൾക്ക് തടസ്സമില്ലെന്ന് മെത്രാനെ അറിയിക്കണം. മെത്രാൻ നിയമിച്ച അന്വേഷണസംഘത്തിൽ മെത്രാന്റെ പ്രതിനിധി (Episcopal Delegate), നീതി സംരക്ഷകൻ (Promoter of Justice), നോട്ടറിമാർ എന്നിവരാണുായിരിക്കുക. ഇവരുടെ മുമ്പിലാണ് സാക്ഷികളെ വിസ്തരിക്കുന്നതും മറ്റ് തെളിവെടുപ്പുകൾ നടത്തുന്നതും. നമ്മുടെ അതിരൂപതയിലെ അംഗമായിരുന്ന, മിഷൻ പ്രവർത്തനത്തിനിടെ ഇൻഡോറിൽ രക്തസാക്ഷിത്വം വരിച്ച, സിസ്റ്റർ റാണിമരിയയുടെ നാമകരണ നടപടികളിൽ ഞാൻ നീതി സംരക്ഷകനായിരുന്നു എന്നത് അഭിമാനത്തോടെ ഓർക്കുന്നു. ദൈവദാസനെപ്പറ്റി/ദൈവദാസിയെപ്പറ്റി എന്തൊക്കെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുോ അവയുടെയെല്ലാം സത്യാവസ്ഥ അന്വേഷണസംഘം പരിശോധിക്കും. സാക്ഷികളോട് ചോദിക്കേ ചോദ്യങ്ങളെല്ലാം നീതി സംരക്ഷകനാണ് തയ്യാറാക്കേത്. പുണ്യത്മാവിന്റെ അസാധാരണമായ വിശുദ്ധജീവിതത്തെപ്പറ്റിയും രക്തസാക്ഷിത്വമാണെങ്കിൽ അതിനെപ്പറ്റിയും ആ വ്യക്തിയുടെ പേരിൽ നടന്നിട്ടുള്ള അത്ഭുതങ്ങളെപ്പറ്റിയും വിശദമായ തെളിവെടുപ്പ് നടത്തണം. ആ വ്യക്തിയെ എതിർത്തിരുന്നവരോ നാമകരണത്തെ എതിർക്കുന്നവരോ ഉങ്കെിൽ അവരെയും വിസ്തരിക്കേതു്. തെളിവെടുപ്പ് പൂർത്തിയാകുമ്പോൾ തെളിവെടുപ്പ് നടപടികളുടെ വ്യക്തമായ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും സീൽ ചെയ്ത് വത്തിക്കാൻ കാര്യാലയത്തിലേക്ക് അയയ്ക്കണം. ഒരു കോപ്പി സീൽ ചെയ്ത് രൂപതാരേഖാലയത്തിൽ സൂക്ഷിക്കേതാണ്.

രൂപതാതലത്തിൽ നടത്തിയ തെളിവെടുപ്പുനടപടികൾ നിയമാനുസൃതമായിരുന്നോ സത്യസന്ധമായിരുന്നോ എന്നും മറ്റും വത്തിക്കാൻ കാര്യാലയം അതിനു ലഭിച്ച രേഖകൾ വച്ച് പരിശോധിക്കും. വത്തിക്കാൻ കാര്യാലയത്തിലെ നടപടികൾ ക്രമീകരിക്കുന്നത് അതിനുവേി പ്രത്യേകം നിയമിതനാകുന്ന മറ്റൊരു പോസ്റ്റുലേറ്ററാണ്. അദ്ദേഹത്തിന്റെ അപേക്ഷ പരിഗണിച്ചാണ് വത്തിക്കാൻ കാര്യാലയം രൂപതാതലത്തിൽ നടത്തിയ

തെളിവെടുപ്പു നടപടികളുടെ നിയമസാധുത പരിശോധിക്കുന്നത്. സാധുവാണെന്ന് ബോദ്ധ്യപ്പെട്ടാൽ അക്കാര്യം ഒരു ഡിക്രി വഴി അറിയിക്കും. പിന്നീട്, ദൈവദാസന്റെ വീരോചിതമായ വിശുദ്ധ ജീവിതത്തെപ്പറ്റി വത്തിക്കാൻ കാര്യാലയം നിയമിക്കുന്ന ദൈവശാസ്ത്രവിദഗ്ദ്ധരുടെ യോഗം ഗൗരവമായി പരിശോധിക്കുന്നതാണ്. അവരുടെ പരിശോധനയുടെ റിപ്പോർട്ട് നാമകരണത്തിനുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ അദ്ധ്യക്ഷനായ കർദ്ദിനാളിനും അംഗങ്ങളായ മറ്റ് മെത്രാന്മാർക്കും നല്കും. കാര്യാലയത്തിലെ ഈ അംഗങ്ങൾ യോഗം ചേർന്ന് ലഭ്യമായ എല്ലാ രേഖകളും തെളിവുകളും പരിശോധിക്കണം. പരിശോധനയുടെ ഫലം കാര്യാലയത്തിന്റെ അദ്ധ്യക്ഷൻ മാർപ്പാപ്പയെ ധരിപ്പിച്ചതിനുശേഷം, അതുവരെ ലഭിച്ച എല്ലാ രേഖകളും തെളിവുകളും പ്രസിദ്ധീകരിക്കും. അതോടുകൂടി ദൈവദാസൻ എന്നറിയപ്പെട്ടിരുന്ന ആൾ "സംപൂജ്യൻ" അല്ലെങ്കിൽ "ധന്യൻ" (Venarable) എന്ന് വിളിക്കപ്പെടാൻ തുടങ്ങും. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യത്തിൽ നടന്നതായി രേഖപ്പെടുത്തിയിട്ടുള്ള അത്ഭുതങ്ങളെപ്പറ്റിയാണ് പിന്നീട് പരിശോധിക്കുക. ഡോക്ടർമാർ, ദൈവശാസ്ത്രജ്ഞൻമാർ തുടങ്ങിയവരാണ് അത്ഭുതരോഗശാന്തിയെപ്പറ്റിയും മറ്റും വളരെ വിശദമായി പല തലങ്ങളിലായി പരിശോധിക്കുന്നത്. പിന്നീട്, വത്തിക്കാൻ കാര്യാലയവും ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്ത് പൂർണ്ണമായ റിപ്പോർട്ട് മാർപ്പാപ്പക്ക് നല്കും. ഒരു അത്ഭുതം സംശയാതീതമായി തെളിയിക്കപ്പെട്ടാലാണ് സംപൂജ്യനെ "വാഴ്ത്തപ്പെട്ടവൻ"/ "വാഴ്ത്തപ്പെട്ടവൾ" (Blessed / Beatified) എന്ന് മാർപ്പാപ്പ പ്രഖ്യാപിക്കുന്നത്. രക്തസാക്ഷിയാണെങ്കിൽ വാഴ്ത്തപ്പെട്ടവനായി പ്രഖ്യപിക്കപ്പെടാൻ അത്ഭുതം നടന്നിരിക്കണമെന്നില്ല. വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ടാൽ, പ്രാദേശികമായി അദ്ദേഹത്തെ അൾത്താരയിൽ വണങ്ങാനും അദ്ദേഹത്തിന്റെ തിരുനാൾ ആഘോഷിക്കാനും അനുവാദമുണ്ട്. പിന്നീട്, ഒരു അത്ഭുതം കൂടി സ്ഥിരീകരിക്കപ്പെട്ടാലാണ് അദ്ദേഹത്തെ "വിശുദ്ധൻ" (Saint) എന്ന് മാർപ്പാപ്പ പ്രഖ്യാപിക്കുക. രക്തസാക്ഷികളും വിശുദ്ധരുടെ പട്ടികയിൽ ഉൾപ്പെടണമെങ്കിൽ ഒരത്ഭുതമെങ്കിലും സ്ഥിരീകരിക്കപ്പെടേതു്. വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുമ്പോഴാണ് ലോകമെങ്ങുമുള്ള അൾത്താരകളിൽ വണങ്ങപ്പെടുക.